വയനാട്

1. പനമരം ഇസ്ലാമിക് കൾച്ചറൽ ആന്റ് എഡ്യൂക്കേഷണൽ സൊസൈറ്റി.

കോഴിക്കോട്

1. ഇസ്ലാമിക് എഡ്യൂക്കേഷണൽ മൂവ്മെന്റ്, ഫെറോക്ക്
2. കൊടുവള്ളി മുസ്ലീം ഓർഫനേജ് കമ്മിറ്റി.
3. സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ ട്രസ്റ്റ്, അല്ലിയാപ്പുക്കൽ

പാലക്കാട്

1. എം.ഇ.എസ്. ഇടത്തനാട്ടുകര
2. ഇസ്ലാമിക് കൾച്ചറൽ സൊസൈറ്റി, കർക്കിടംകുന്ന്.

കാസർഗോഡ്

1. ഇസ്ലാമിക് കൾച്ചറൽ ആന്റ് എഡ്യൂക്കേഷണൽ ചാരിറ്റ ബിൾ സൊസൈറ്റി

മലപ്പുറം, വയനാട് കോഴിക്കോട്, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിലാണ് സ്കൂളുകൾ നടത്തുവാൻ അനുവാദം നൽകിയിട്ടുള്ളത്. ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഇത് പ്രകാരം തിരഞ്ഞെടുത്ത 40 സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. (എൽ.പി.എസ്സിൽ 3.6 ലക്ഷവും, യു.പി.എസ്സിൽ 2.86 ലക്ഷം രൂപയും എച്ച്.എസ്സിൽ 15 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.)

(ഡി) 1991-നും 1996-നും ഇടയിൽ 1994-95 വർഷത്തിൽ 35.16 ലക്ഷം രൂപയും 1995-96 വർഷത്തിൽ 70.82 ലക്ഷം രൂപയും ലഭിച്ചു. ഇതിൽ 3.6 ലക്ഷം രൂപ ഒഴികെ ബാക്കി മുഴുവൻ തുകയും ചെലവാക്കിയിട്ടുണ്ട്. 1997-98 വർഷത്തിൽ ലഭിച്ച 105.48 ലക്ഷം രൂപയിൽ 8.28 ലക്ഷം രൂപ ഒഴികെ ബാക്കി തുക മുഴുവൻ ചെലവഴിച്ചു. ബഹുമാനപ്പെട്ട കോടതിയിൽ നിലനിൽക്കുന്ന ചില ഒ. പി. കേസ്സുകൾ തീർപ്പാക്കിയാൽ മാത്രമേ ബാക്കി തുകയും ചെലവഴിക്കാൻ സാധിക്കുകയുള്ളൂ.

(ഇ) ഈ വർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

105 (1323) ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസിനെ ലാബറട്ടറി അറ്റൻഡർമാരായി നിയമിക്കുന്നതിന് നടപടി

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂളുകളിലെ യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസിനെ ലാബറട്ടറി അറ്റൻഡർമാരായി നിയമിക്കണമെന്നതു സംബന്ധിച്ച് ഒരു നിവേദനം കേരള എയ്ഡഡ് സ്കൂൾ നോൺ ടീച്ചിംഗ് സ്റ്റാഫ് അസോസിയേഷനിൽ നിന്ന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം നിയമിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് അറ്റൻഡർമാരെ നിയമിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസിനെ പ്രൊമോട്ട് ചെയ്ത് നിയമിക്കണമെന്ന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ് അറ്റൻഡർ നിയമനത്തിന്റെ 25% സ്കൂളുകളിലെ യോഗ്യരായ ക്ലാസ്സ്-4 ജീവനക്കാരിൽനിന്ന് പ്രമോഷൻവഴി നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി)&(ഡി) മേൽപ്പറഞ്ഞ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ അനന്തര നടപടി സ്വീകരിക്കാനാവൂ.

106 (1324) അദ്ധ്യാപികയുടെ നിയമനത്തിന് അംഗീകാരം

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലി ദേവസ്വം ബോർഡ് ഹൈസ്കൂളിൽനിന്നും പിരിച്ചുവിടപ്പെട്ട അദ്ധ്യാപികയായിരുന്ന ശ്രീമതി ശോഭയ്ക്ക് എന്നാണ് പ്രസ്തുത സ്കൂളിൽ നിയമനം ലഭിച്ചത്;

(ബി) കെ.ഇ.ആർ. അനുസരിച്ച് നിയമന സമയത്ത് ഇവർ റൂൾ 51 എ പ്രകാരം ക്ലെയിമെന്റ് ആയിരുന്നെങ്കിൽ എന്നുവരെയായിരുന്നു ഇവരുടെ സർവ്വീസ് അംഗീകരിച്ചത്;

(സി) പിരിച്ചുവിടൽ ഉത്തരവിനെതിരെ ഹർജി നൽകി ഹൈക്കോടതിയിൽനിന്നും സ്റ്റേ സമ്പാദിച്ച് ഇവർ സർവ്വീസിൽ തുടർന്നിട്ടുണ്ടോ;

(ഡി) കോടതിവിധി ഇവർക്ക് അനുകൂലമായിരുന്നോ; എങ്കിൽ ഇവർക്ക് അനുകൂലമായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) ഈ ഉത്തരവ് സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; പ്രസ്തുത ഉത്തരവ് പിന്നീട് റദ്ദാക്കിയിട്ടുണ്ടെങ്കിൽ കാരണമെന്ത്;

(എഫ്)ശ്രീമതി ശോഭയ്ക്ക് എന്നു മുതൽ എന്നുവരെയുള്ള നിയമനമാണ് അംഗീകരിച്ചു കിട്ടാനുള്ളത്;

(ജി) ഇവർക്ക് നിയമനം നൽകിയത് ഒരു സാംഗ്ഷൻഡ് പോസ്റ്റിലാണോ; എങ്കിൽ ഏത് ഒഴിവിലാണ്;

(എച്ച്) ഈ കാലയളവിൽ ഇവർ തുടർച്ചയായി സ്കൂളിൽ ജോലി ചെയ്തിട്ടുണ്ടോ;

(ഐ) ഇവരുടെ നിയമനം അംഗീകരിക്കുന്നപക്ഷം അതിൽ പേയ്മെന്റിന്റെ പ്രശ്നം ഉണ്ടാകുമോ;

LIBRARY ARCHIVES Kerala Legislative Assembly